# NATIONAL BULLETIN

DATE : 25.12.2024 | പ്രധാന വാർത്തകൾ | TIME : 12.50 PM

1. ലോകമെങ്ങും ക്രിസ്മസ് ആഘോഷത്തിൽ ; തിരുപ്പിറവി സ്മരണയിൽ ദേവാലയങ്ങളിൽ പ്രത്യേക പ്രാർത്ഥന.

**Christmas is being celebrated across the globe today. special prayers in churches to mark the birth of Jesus Christ**

2. ഇന്ന് സദ്ഭരണ ദിനം; മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ച് രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയുമുൾപ്പെടെയുള്ള പ്രമുഖർ.

**Today is Good Governance Day; President, Vice President & PM pay tribute to former PM Atal Bihari Vajpayee**

3. മധ്യപ്രദേശിൽ കെൻ-ബെത്വ നദിയെ ബന്ധിപ്പിക്കുന്ന ദേശീയ പദ്ധതി ഉൾപ്പെടെ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി അല്പസമയത്തിനകം തുടക്കം കുറിക്കും.

**Prime Minister Narendra Modi will soon launch various development projects, including the Ken-Betwa river linking in Madhya Pradesh.**

4. മണ്ഡല പൂജയ്ക്കൊരുങ്ങി ശബരിമല ; തങ്ക അങ്കിഅങ്കി ചാർത്തി ദീപാരാധന ഇന്ന്.

**Sabarimala gears up for Mandala Pooja; Arathi pooja with Thanga Anki will held today**

5. സന്തോഷ് ട്രോഫി ഫുട്ബോളിൽ ഒഡീഷയും ഡൽഹിയും ക്വാർട്ടർ ഫൈനലിൽ ; കേരളം- ജമ്മുകശ്മീർ ക്വാർട്ടർ ഫൈനൽ മത്സരം മറ്റന്നാൾ.

**Odisha and Delhi storms into quarterfinals of Santosh Trophy football; Kerala-Jammu and Kashmir quarterfinal match will be held day after tomorrow.**

&&&&&&&&&&&&&&&&

# HEADLINE – 1

## CHRISTUMAS

ലോകമെങ്ങും ക്രിസ്മസ് ആഘോഷത്തിൽ. യേശുവിന്റെ ജന്മസ്ഥലമായ ബെത്‌ലഹേമിൽ ഗസയിലെ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ ക്രിസ്തുമസ് ആഘോഷങ്ങൾക്ക് നിറം മങ്ങി. അതേസമയം, ക്രിസ്തുമസ് കുർബാനയിൽ ഫ്രാൻസിസ് മാർപാപ്പ സെൻറ് പീറ്റേഴ്സ് ബസിലിക്കയിലെ വിശുദ്ധ കവാടം തുറന്നതോടെ കത്തോലിക്ക സഭയുടെ ജൂബിലി ആഘോഷങ്ങൾക്ക് തുടക്കമായി. 25 വർഷത്തിൽ ഒരിക്കൽ മാത്രം നടക്കുന്ന ചടങ്ങാണിത്.

&&&&&&&&&&&&&&&&

## CHRISTMAS-GREETINGS

രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി എന്നിവർ രാജ്യത്തെ ജനങ്ങൾക്ക് ക്രിസ്മസ് ആശംസകൾ നേർന്നു. സ്നേഹം, ദയ, അനുകമ്പ എന്നീ തത്വങ്ങളെ ക്രിസ്തുമസ് ഓർമ്മിപ്പിക്കുന്നുവെന്ന് രാഷ്ട്രപതി സമൂഹമാധ്യമത്തിൽ കുറിച്ചു. ഈ സന്തോഷകരമായ അവസരം രാജ്യത്തുടനീളമുള്ള വീടുകളെ സ്നേഹവും ഐക്യവും കൊണ്ട് പ്രകാശിപ്പിക്കട്ടെയെന്ന് ഉപരാഷട്രപതി ആശംസിച്ചു. യേശുക്രിസ്തുവിന്റെ ആശയങ്ങൾ എല്ലാവർക്കും സമാധാനത്തിന്റെയും സമൃദ്ധിയുടെയും പാത കാണിച്ചുതരട്ടെയെന്ന് പ്രധാനമന്ത്രി ആശംസിച്ചു. ക്രിസ്തുമസ് മുന്നോട്ടു വയ്ക്കുന്ന ശാന്തിയുടെയും സ്നേഹത്തിന്റെയും സന്ദേശം ഉയർത്തിപ്പിടിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

&&&&&&&&&&&&&&&&

## NADDA CHRISTMAS

ക്രിസ്മസ് പ്രമാണിച്ച് ബിജെപി ദേശീയ അധ്യക്ഷന്‍ ജെ പി നദ്ദ ഇന്ന് ന്യൂഡല്‍ഹിയിലെ സേക്രഡ് ഹാര്‍ട്ട് കത്തീഡ്രല്‍ ദേവാലയത്തിലെത്തി പ്രാര്‍ത്ഥനയില്‍ പങ്കെടുത്തു. ബി.ജെ.പി എം.പിമാരായ ബന്‍സുരി സ്വരാജ്, കമല്‍ജീത് സെഹ്‌രാവത്, ഡല്‍ഹി ബി.ജെ.പി അധ്യക്ഷന്‍ വീരേന്ദ്ര സച്ദേവ എന്നിവരും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. ദേശീയ തലസ്ഥാനത്തെ ദേവാലയങ്ങളില്‍ ക്രിസ്മസ് ആഘോഷങ്ങള്‍ പുരോഗമിക്കുകയാണ്.

&&&&&&&&&&&&&&&&

## CHRISTUMAS KERALA

ക്രിസ്തുമസിനോട് അനുബന്ധിച്ച് കേരളത്തിലെ ദേവാലയങ്ങളില്‍ പ്രത്യേക പ്രാര്‍ത്ഥനയും കുര്‍ബാനയും നടന്നു. കൊച്ചിയില്‍ വിവിധ ദേവാലയങ്ങളില്‍ നടന്ന തിരുപ്പിറവി ആഘോഷ ചടങ്ങുകളില്‍ നൂറുകണക്കിന് വിശ്വാസികള്‍ പങ്കെടുത്തു. കൊച്ചി സെന്റ് ഫ്രാന്‍സിസ് അസീസി കത്തീഡ്രലില്‍ നടന്ന ചടങ്ങില്‍ ആര്‍ച്ച് ബിഷപ്പ് ജോസഫ് കളത്തിപ്പറമ്പില്‍ മുഖ്യകാര്‍മികത്വം വഹിച്ചു. കണ്ണൂര്‍ ജില്ലയിലെ വിവിധ ക്രിസ്തീയ ദേവാലയങ്ങളില്‍ അര്‍ദ്ധരാത്രിയോടെ ആരംഭിച്ച ആഘോഷ പരിപാടികള്‍ പുലര്‍ച്ച വരെ നീണ്ടു. കോഴിക്കോട് ദേവമാത കത്തിഡ്രലില്‍ നടന്ന തിരുകര്‍മ്മങ്ങള്‍ക്ക് ബിഷപ്പ് വര്‍ഗീസ് ചക്കാലക്കലും താമരശ്ശേരി മേരിമാതാ കത്തിഡ്രലില്‍ ബിഷപ്പ് റെമിജിയോസ് ഇഞ്ചനാനിയലും കാര്‍മികത്വം വഹിച്ചു. തിരുവനന്തപുരത്ത് പട്ടം സെന്റ് മേരീസ് കത്തീഡ്രല്‍, പാളയം സെന്റ് ജോസഫ് കത്തീഡ്രല്‍, വെട്ടുകാട് മാദ്രെ ദെ ദേവൂസ് ദേവാലയം തുടങ്ങിയ ഇടങ്ങളില്‍ ക്രിസ്തുമസ് പ്രാര്‍ത്ഥനകളില്‍ നിരവധിപേര്‍ പങ്കെടുത്തു.

&&&&&&&&&&&&&&&&

## SUNITHA WILLIAMS (INTRO)

***അന്താരാഷ്ട്ര ബഹിരാകാശ നിലയത്തില്‍ ക്രിസ്തുമസ് ആഘോഷിച്ച് സുനിതാ വില്യംസ് ഉള്‍പ്പെടെയുള്ള ബഹിരാകാശ സഞ്ചാരികള്‍. നാസ പുറത്തുവിട്ട അന്താരാഷ്ട്ര ബഹിരാകാശ നിലയത്തില്‍ നിന്നുമുള്ള വീഡിയോ സന്ദേശത്തില്‍ സംഘം ഭൂമിയിലുള്ളവര്‍ക്ക് ക്രിസ്തുമസ് ആശംസകള്‍ നേര്‍ന്നു.***

*(ഹോൾഡ്-വോയ്സ് -സുനിത വില്യംസ്)*

&&&&&&&&&&&&&&&&

# HEADLINE – 2

## ATAL BIHARI VAJPAYEE-BIRTH CENTENARY

ഇന്ന് സദ്ഭരണ ദിനം. മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ നൂറാം ജന്മവാർഷികത്തോട് അനുബന്ധിച്ചാണ് ദിനാചരണം. 1924 ഡിസംബർ 25 ന് ഗ്വാളിയോറിൽ ജനിച്ച വാജ്പേയി, രാഷ്ട്രീയ നേതാവ് എന്നതിലുപരി വാഗ്മി, എഴുത്തുകാരൻ, സാമൂഹിക പ്രവർത്തകൻ, പത്രപ്രവർത്തകൻ എന്നീ നിലകളിലും പ്രശസ്തനായിരുന്നു. വാജ്പേയിയുടെ നേതൃത്വത്തിലാണ് ഇന്ത്യ 1998-ൽ പൊഖ്റാൻ-II ആണവപരീക്ഷണം വിജയകരമായി നടത്തി, ആണവരാഷ്ട്രപദവി ഉറപ്പിച്ചത്. 2015-ൽ ഇന്ത്യയുടെ പരമോന്നത സിവിലിയൻ ബഹുമതിയായ ഭാരതരത്ന നൽകി രാജ്യം വാജ്പേയിയെ ആദരിച്ചു.

&&&&&&&&&&&&&&&&

## SADAIV ATAL MEMORIAL

മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ നൂറാം ജന്മവാർഷിക ദിനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവർ ഡൽഹിയിലെ സദൈവ് അടൽ സ്മാരകത്തിൽ പുഷ്പാർച്ചന നടത്തി. മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ്, ലോക്സഭാ സ്പീക്കർ ഓം ബിർള, കേന്ദ്ര മന്ത്രിമാരായ അമിത് ഷാ, ജെ.പി നഡ്ഡ, ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി എൻ ചന്ദ്രബാബു നായിഡു, തുടങ്ങിയവരും അടൽ ബിഹാരി വാജ്പേയിക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ചു.

&&&&&&&&&&&&&&&&

# HEADLINE – 3

## PM - MADHYA PRADESH

പ്രധാനമന്ത്രി നരേന്ദ്ര മോദി മധ്യപ്രദേശ് സന്ദർശിക്കുന്നു. ഖജുരാഹോയിൽ ഒന്നിലധികം വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും അല്പസമയത്തിനകം അദ്ദേഹം നിർവഹിക്കും. കെൻ-ബെത്വ നദിയെ ബന്ധിപ്പിക്കുന്ന ദേശീയ പദ്ധതിക്ക് പ്രധാനമന്ത്രി തറക്കല്ലിടും. ദേശീയ വീക്ഷണ പദ്ധതി പ്രകാരം നദികളെ ബന്ധിപ്പിക്കുന്ന രാജ്യത്തെ ആദ്യത്തെ പദ്ധതിയാണ് ഇത്. ഈ പദ്ധതി മധ്യപ്രദേശിലെയും ഉത്തർപ്രദേശിലെയും വിവിധ ജില്ലകളിൽ ലക്ഷക്കണക്കിന് കർഷക കുടുംബങ്ങൾക്ക് ജലസേചന സൗകര്യം ലഭ്യമാക്കും. മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ നൂറാം ജന്മവാർഷികത്തോടനുബന്ധിച്ച് സ്മരണിക സ്റ്റാമ്പും നാണയവും പ്രധാനമന്ത്രി പ്രകാശനം ചെയ്യും. 1153 അടൽ ഗ്രാം സുശാസൻ കെട്ടിടങ്ങളുടെ തറക്കല്ലിടലും അദ്ദേഹം നിർവഹിക്കും. ഖാണ്ഡവ ജില്ലയിലെ ഓംകാരേശ്വറിൽ സ്ഥാപിച്ച ഓംകാരേശ്വർ ഫ്ലോട്ടിംഗ് സോളാർ പദ്ധതി പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&

## DHARMENDRA PRADHAN (INTRO)

*മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ നൂറാം ജന്മവാർഷികത്തോടനുബന്ധിച്ച് ഒഡീഷയിലെ സംബാൽപൂരിൽ സ്ഥാപിച്ച പൂർണകായ പ്രതിമ കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാൻ അനാച്ഛാദനം ചെയ്തു. പാവപ്പെട്ടവരുടെയും ആദിവാസികളുടെയും ക്ഷേമത്തിനു വേണ്ടി പ്രവർത്തിച്ച മഹദ്വ്യക്തിയായിരുന്നു വാജ്പേയ് എന്ന് കേന്ദ്രമന്ത്രി പറഞ്ഞു . ശ്രീ ധർമേന്ദ്ര പ്രധാൻ എല്ലാവർക്കും സദ്ഭരണ ദിന ആശംസകളും നേർന്നു .*

*(ഹോൾഡ്)*

&&&&&&&&&&&&&&&&

## RAJNATH - VAJPAYEE

തൻ്റെ ജീവിതം മുഴുവൻ രാജ്യസേവനത്തിനും രാജ്യ വികസനത്തിനുമായി സമർപ്പിച്ചിരുന്ന ഇന്ത്യൻ രാഷ്ട്രീയത്തിന്റെ മഹത്തായ ചിന്തകനായിരുന്നു അടൽ ബിഹാരി വാജ്പേയി

എന്ന് രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ്. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിൽ വാജ്പേയി നിർണായക പങ്ക് വഹിച്ചുവെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്..........

&&&&&&&&&&&&&&&&

**PM-MALVIYA**

വിദ്യാഭ്യാസ വിചക്ഷണനും സാമൂഹ്യപരിഷ്കർത്താവുമായ പണ്ഡിറ്റ് മദൻ മോഹൻ മാളവ്യയുടെ ജന്മവാർഷികത്തോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി ശ്രദ്ധാഞ്ജലി അർപ്പിച്ചു . സ്വാതന്ത്ര്യ സമരസേനാനി എന്നതിനു പുറമേ ആജീവനാന്തം രാജ്യത്തെ പ്രഥമ വിദ്യാഭ്യാസ പ്രവർത്തകൻ കൂടിയായിരുന്നു മാളവ്യ എന്ന് ശ്രീ മോദി സമൂഹമാധ്യമത്തിൽ കുറിച്ചു .

&&&&&&&&&&&&&&&&

# HEADLINE – 4

**THANKA ANKI (INTRO)**

*ശബരിമലയിൽ മണ്ഡലപൂജയ്ക്കായുള്ള തങ്ക അങ്കി ഘോഷയാത്ര നിലയ്ക്കൽ പിന്നിട്ടു. അയ്യന് ഇന്നു വൈകിട്ട് തങ്ക അങ്കിചാർത്തി ദീപാരാധന നടക്കും.*

*വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...........*

*(ഹോൾഡ്)*

&&&&&&&&&&&&&&&&

# HEADLINE – 5

**SANTOSH TROPHY - QF**

78-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ഒഡീഷയും ഡൽഹിയും ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു. നാളെ നടക്കുന്ന ക്വാർട്ടർ ഫൈനലിൽ ഒഡീഷ പശ്ചിമ ബംഗാളിനെയും ,ഡൽഹി മണിപ്പൂരിനെയും നേരിടും . മറ്റന്നാൾ മേഘാലയ നിലവിലെ ചാമ്പ്യന്മാരായ സർവീസസിനെയും കേരളം ജമ്മു കശ്മീരിനെ നേരിടും.

&&&&&&&&&&&&&&&&

**SHAH – AGRICULTURE COOPERATIVE**

പുതുതായി സ്ഥാപിതമായ പതിനായിരത്തിലധികം വിവിധ ഉദ്ദേശ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, ഡയറി, ഫിഷറീസ് സഹകരണ സംഘങ്ങൾ എന്നിവ കേന്ദ്ര മന്ത്രി അമിത് ഷാ ഇന്ന് ന്യൂഡൽഹിയിൽ രാജ്യത്തിന് സമർപ്പിക്കും. പുതുതായി രൂപീകരിച്ച സഹകരണ സംഘങ്ങൾക്കുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ, റുപേ കിസാൻ ക്രെഡിറ്റ് കാർഡുകൾ, മൈക്രോ എടിഎമ്മുകൾ എന്നിവയും കേന്ദ്രമന്ത്രി വിതരണം ചെയ്യും.

&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&